പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3793 17.10.2011- ലെ മറുപടി

കൽപ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കൽപ്പറ്റ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാ എംപ്ലോയീസ് ഫെഡറേഷൻ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. കൽപ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യ വികസനവും പുതിയ ബസ്സുകൾ ഉപയോഗിച്ച് അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതും കൽപ്പറ്റയുടെ പ്രാന്തപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ ആരംഭിക്കണമെന്നതുമാണ് നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ. |
| (ബി) | കൽപ്പറ്റ ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കൽപ്പറ്റ യിൽ നിന്നും 55 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുള്ളതിൽ നിലവിൽ പ്രതിദിനം ശരാശരി 51 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുറമേ 5 കൽപ്പറ്റ - പടിഞ്ഞാറേത്തറ - മാനന്തവാടി ചെയിൻ സർവ്വീസ് നടത്തുന്നതിലേക്ക് അനുവാദവും നൽകിയിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുവാദം നൽകിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന അന്തർ സംസ്ഥാന സർവ്വീസുകളും പുതിയ സർവ്വീസുകളും |

| | | | |
|---|---|---|---|
| | | | നിലവിലുള്ള കരാറുകളിൽ വ്യവസ്ഥയില്ലാത്തതിനാലും ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാലും ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.<br>കൽപ്പറ്റ യൂണിറ്റിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസിന്റെ വിപുലീകരണ പ്രവർത്തിയും വനിതായാത്രികർക്കും ജീവനക്കാർക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും വിശ്രമിക്കുന്നതിനുമായുള്ള കെട്ടിടത്തിന്റെ നിർമ്മാണം എന്നിവ പുരോഗതിയിലാണ്.<br>ഇതു കൂടാതെ 3 bay-garage നിർമ്മിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പരിഗണനയിലുണ്ട്.<br>**Infrastructure Fund** ലഭ്യമാകുന്നതനുസരിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ജില്ലാ ആസ്ഥാനമെന്ന നിലയിൽ കൽപ്പറ്റ ഡിപ്പോയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | പ്ലാൻ ഫണ്ടിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് കൽപ്പറ്റ യൂണിറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ